പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5884 | 07.07.2014-ൽ മറുപടിയ്ക്ക്

'മലയാളം ശ്രേഷ്ഠഭാഷാ' പ്രവർത്തനങ്ങൾ

ചോദ്യം | മറുപടി

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'മലയാളം ശ്രേഷ്ഠ ഭാഷാ' പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് സാംസ്കാരിക വകുപ്പ് എന്തെല്ലാം പരിപാടികളാണ് മലയാള ഭാഷാ പോഷണത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ; | (എ) | മലയാള ഭാഷാ പോഷണത്തിനായി സാംസ്കാരികവകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മലയാള ഭാഷയുടെ പ്രാധാന്യം ജില്ലാ / താലൂക്ക് തലങ്ങളിൽ ബോധ്യപ്പെടത്തക്കതരത്തിൽ സാംസ്കാരികവകുപ്പ് പ്രത്യേകമായ ക്യാമ്പയിനുകൾ സംഘടിപ്പിക്കാൻ തയ്യാറാകുമോ? | (ബി) | ജില്ലാ/താലൂക്ക് തലങ്ങളിൽ മലയാള ഭാഷയുടെ പ്രാധാന്യം ബോധ്യപ്പെടത്തക്ക തരത്തിൽ കാമ്പയിനുകൾ സംഘടിപ്പിക്കുന്നത് ഇനിയുള്ള ഘട്ടങ്ങളിൽ ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഉ- 5884
7/7/14

## അനുബന്ധം

സാംസ്കാരിക വകുപ്പിനു കീഴിലുള്ള എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടേയും ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ മലയാളം ശ്രേഷ്ഠഭാഷാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് "ശ്രേഷ്ഠ മലയാളം ശാസ്ത്ര മലയാളം" എന്ന പേരിൽ ഒരു ശാസ്ത്ര പുസ്തക പരമ്പര ആസൂത്രണം ചെയ്തുകൊണ്ട് സമകാലിക ശാസ്ത്രാശയങ്ങൾ മലയാളത്തിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു.

കേരള ലളിതകലാ അക്കാഡമി വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ ദിനത്തിൽ ' ബഷീർ സ്മരണ' എന്ന പേരിൽ ചിത്ര കലാ ക്യാമ്പ് സംഘടിപ്പിക്കാനും കേരളത്തിന്റെ പ്രശസ്തരായ കലാകാരന്മാരെ കുറിച്ച് പുതു തലമുറ അറിയുന്നതിനു വേണ്ടി "ലഘു ജീവ ചരിത്രം" പുസ്തകങ്ങളും "നവനീത ചിത്രകല" എന്ന ഗ്രന്ഥവും പ്രസിദ്ധീകരിക്കാനും കേരള ചിത്രകലാ ചരിത്രം എന്ന ബൃഹത്തായ ഗ്രന്ഥം തയ്യാറാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

കേരള ഫോക്‌ലോർ അക്കാദമി മലയാളം ശ്രേഷ്ഠഭാഷ സമ്മേളനം 2013 ഒക്ടോബർ 31 നു സംഘടിപ്പിച്ചു. മലയാളം ശ്രേഷ്ഠഭാഷ സംബന്ധിച്ച് പ്രമുഖ വ്യക്തികൾ സംബന്ധിച്ച സെമിനാറും നടന്നു. കേരളപ്പിറവി ദിനമായ നവമ്പർ - 1 ന് കണ്ണൂർ മുനിസിപ്പൽ ഹൈസ്കൂളിൽ വച്ച് മലയാള ഭാഷയെ സംബന്ധിച്ച് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മധുരം മലയാളം എന്ന പരിപാടി സംഘടിപ്പിച്ചു.

കേരള സർവ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, നവംബർ 1 മലയാളം ശ്രേഷ്ഠ ഭാഷാദിനമായും ഔദ്യോഗികഭാഷാ വാരമായും ആഘോഷിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാന കോശം വാല്യങ്ങളുടെ ഡിജിറ്റൈസേഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചുകൊണ്ട് അതിന്റെ ഉദ്ഘാടനം ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി നിർവഹിച്ചു.സർവ വിജ്ഞാനകോശം 3,4,5,6,7,9,10,11 ഡിജിറ്റൈസേഷന്റെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ ഗ്രന്ഥാവലിയുടെ ഉള്ളടക്കം മുഴുവനും വെബ്സൈറ്റിൽ ലഭ്യമാകും.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന്റെ ഭാഗമായി ഭാഷയുടെ മഹത്വവും പ്രാധാന്യവും വിളംബരം ചെയ്തുകൊണ്ട് **അക്ഷര യാത്ര'** പരിപാടി സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽനടത്തുകയുണ്ടായി. അക്ഷരയാത്രയുമായി ബന്ധപ്പെട്ട് ഗുരുപൂജ, സാഹിത്യമത്സരങ്ങൾ, കഥകേട്ട് പഠിക്കാം, എല്ലാ കുട്ടികൾക്കും പുസ്തകം എന്നിങ്ങനെയുള്ള പരിപാടികൾ നടപ്പിലാക്കി.

പുരാരേഖാ വകുപ്പ് 2013 ഒക്ടോബർ 8 മുതൽ 11 വരെ ഭരണഭാഷാ സമ്മേളനം, ചരിത്ര രേഖകളുടെ പ്രദർശനം, ശിൽപശാല, ചിത്രരചന മത്സരം, ഭാഷാ സെമിനാർ, കൺസർവേഷൻ ക്ലിനിക്, നാടൻ കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുകയുണ്ടായി. മലയാളം ദിനാഘോഷം, ശ്രേഷ്ഠഭാഷാ വാരാഘോഷം, ഭാഷാസെമിനാർ, ചരിത്ര രേഖാ പ്രദർശനം, ചിത്രരചനാ മത്സരം, ഭാഷാ പ്രതിഭകളെ ആദരിക്കൽ, കലാപരിപാടികൾ എന്നിവ ഈ പരിപാടിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

മ്യൂസിയം മൃഗശാലാ വകുപ്പിൽ മലയാളം ശ്രേഷ്ഠഭാഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭാഷാ മാറ്റ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഏകോപനാധികാരിയെ നിയമിച്ചു. ഭരണ ഭാഷാ വർഷാചരണം, ഭരണ ഭാഷാ പരിശീലനം, മലയാളം കംപ്യൂട്ടിങ്ങ്, വകുപ്പിലെ പദകോശം എന്നിവ നടത്തുകയുണ്ടായി. കൂടാതെ കേരളത്തിലെ ഭരണഭാഷ എന്ന വിഷയത്തെകുറിച്ച് ഒരു പ്രഭാഷണം മലയാള ഭാഷ വിദഗ്ധൻ ഡോ.ശിവ കുമാറിനെ കൊണ്ട് നടത്തുകയു ണ്ടായി.

കേരള സാഹിത്യ അക്കാദമി, കേരള സംഗീതനാടക അക്കാദമിയുമായി സഹകരിച്ച് ശ്രേഷ്ഠഭാഷാദിനാഘോഷം നടത്തിയി ട്ടുണ്ട്. തൃശ്ശൂരിൽ സംഘടിപ്പിച്ച പരിപാടിയിൽ 1001 ഇ-ബുക്കുകളുടെ പ്രകാശനം ഡോ. സിർപ്പി ബാലസുബ്രഹ്മണ്യം നിർവ്വഹിച്ചു. യുവ തലമുറയെ മലയാള സാഹിത്യലോകവുമായി അടുപ്പിക്കുവാൻ 2013 ഒക്ടോബറിൽ വയനാട്ടിൽ വെച്ച് 'കവിതാക്യാമ്പും' 2014 ഫെബ്രുവരിയിൽ തൊടുപുഴ വെച്ച് 'കഥാക്യാമ്പും' സംഘടിപ്പിച്ചു. മലയാള ഭാഷയിലെ സാഹിത്യത്തിന്റെ സമഗ്രമായ സാഹിത്യചരിത്രം തയ്യാറാക്കു ന്ന (പത്തു വോള്യങ്ങളിലായി പതിനായിരത്തോളം പേജുകൾ വരു ന്ന ഗ്രന്ഥം) ഒരു പദ്ധതി രൂപകല്പന ചെയ്ത് നടപടി തുടങ്ങിയിട്ടുണ്ട്. ലോകത്തിലെ മറ്റൊരു പ്രാദേശികഭാഷയിലുമി ല്ലാത്ത ഒരു ഗ്രന്ഥസൂചി മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇത് 1995 മുതൽ മുടങ്ങിക്കിടക്കുകയാണ്. 1995 മുതലുള്ള വിവരങ്ങൾ ചേർത്ത് തുടർവോള്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടു ണ്ട്.

ബുക്ക്മാർക്ക് എല്ലാ ജില്ലകളിലും പുസ്തകമേളകളോടനുബന്ധമാക്കി ശ്രേഷ്ഠഭാഷാ ദിനാഘോഷങ്ങൾ നടത്തി. പ്രത്യേക വിലക്കിഴിവ് പ്രഖ്യാപിച്ച് പുസ്തകവിതരണ പരിപാടികൾ സംഘടിപ്പിച്ചു. കവിയരങ്ങുകളും സാംസ്കാരിക കൂട്ടായ്മകളും സംഘടിപ്പിച്ചു.മലയാള ഭാഷയ്ക്ക് ഒന്നാം സ്ഥാനം നൽകി എല്ലാ പദ്ധതികളും പുന:സംഘടിപ്പിച്ചു. മലയാള വായനയ്ക്കും ഗ്രന്ഥങ്ങൾക്കും ഗ്രന്ഥ കർത്താക്കൾക്കും പ്രോത്സാഹനം നൽകത്തക്കവിധം പുരസ്കാരങ്ങൾ നൽകുന്നതിന് തീരുമാനിച്ചു. സ്കൂൾ കുട്ടികളേയും സർവ്വകലാശാല വിദ്യാർത്ഥികളേയും മലയാള പുസ്തകങ്ങളിലേയ്ക്ക് ആകർഷിക്കത്തക്കവിധം സഞ്ചരിക്കുന്ന പുസ്തകശാലകൾ ക്രമീകരിച്ചു., പിന്നോക്ക പ്രദേശങ്ങളിൽ കൂടുതൽ പുസ്തക വിതരണ ശാലകൾ ആരംഭിക്കുന്നതിനു തീരുമാനിച്ചു.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മലയാള ശ്രേഷ്ഠഭാഷാ ദിനം പ്രമാണിച്ച് 01-11-2013 ന് ഒരു ജി ല്ലാതല പരിപാടി നടത്തുകയു ണ്ടായി. ശ്രേഷ്ഠാഭാഷാ ദിനാഘോഷത്തിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവൻ മലയാളത്തിന്റെ പൂർവ്വസൂരികളായ കവികുല ഗുരുക്കൻമാർക്ക് പ്രണാമം അർപ്പിച്ചു കൊണ്ട് കാവ്യപൂജ എന്ന പരിപാടി നവംബർ 1 ന് വൈകിട്ട് 5.30 ന് വൈലോപ്പിള്ളി സംസ്കൃതിഭവനിൽ സംഘടിപ്പിച്ചു.

ഭാഷാപിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ മുതൽ ചങ്ങമ്പുഴവരെയുള്ള ശ്രേഷ്ഠകവികളുടെ കവിതകൾ ആലപിച്ചുകൊണ്ട് നടത്തിയ കാവ്യപൂജ സ്വാതിതിരുനാൾ സംഗീതകോളേജിലെ പൂർവ്വവിദ്യാർത്ഥികൾ വൈലോപ്പിള്ളി സംസ്കൃതിഭവനുവേണ്ടി ശ്രേഷ്ഠഭാഷാ സംഗീതാവിഷ്ക്കാരം അവതരിപ്പി ച്ചു.

മലയാളം ശ്രേഷ്ഠഭാഷ' പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് 2013 നവംബർ മാസം ഒന്നാം തീയതി രാവിലെ മലയാളം മിഷൻ ഓഫീസ് അങ്കണത്തിൽ ജീവനക്കാർ ഒത്തുചേർന്ന് ശ്രേഷ്ഠഭാഷാ പ്രതിജ്ഞ എടുത്തിരുന്നു. കൂടാതെ മലയാളം മിഷന്റെ ഇന്ത്യക്കകത്തും വിദേശത്തുമുള്ള എല്ലാ പഠനകേന്ദ്രങ്ങളിലും നവംബർ ഒന്നിന് കേരളപ്പിറവി - ശ്രേഷ്ഠഭാഷാദിനമായി ആഘോഷിക്കണമെന്ന് സർക്കുലർ നൽകിയി രുന്നു.

U. 5884

മാർഗ്ഗിയിൽ കഥകളി, കൂത്ത്, കൂടിയാട്ടം എന്നിവ അഭ്യസിപ്പിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുന്നതിനായി സംസ്കൃതത്തിലുള്ള ചില കൃതികളും ആട്ടപ്രകാരങ്ങളും ക്രമദീപികയും മലയാളത്തിലേക്ക് മൊഴിമാറ്റി പ്രയോഗത്തിൽ കൊണ്ടു വരുന്നു.

ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത് മലയാളത്തിലേക്ക് മാറ്റുകയും ഓഫീസിന്റെ മേൽവിലാസമുള്ള ബോർഡും വാഹനങ്ങളുടെ ബോർഡുകളും മലയാളത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കലാമണ്ഡലത്തിന്റെ ഓഫീസ് നടപടി ക്രമങ്ങളിൽ മലയാളം ഉപയോഗം കർശനമാക്കി.വള്ളത്തോൾ ജയന്തിയുടെ ഭാഗമായി കവി സമ്മേളനം നടത്തി. ഭാഷാ പോഷണത്തിനായി വിദ്യാർഥികൾക്ക് കവിതാരചനാ -കവിതാലാപന മത്സരങ്ങൾ നടത്തി.

പുരാവസ്തു വകുപ്പിൽ മലയാള ഭാഷാ പണ്ഡിതരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സെമിനാറുകളും, ബോധവത്കരണ ക്ലാസ്സുകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ വകുപ്പിലുള്ള ഗ്രന്ഥശേഖരത്തിൽ ഭാഷയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള പുസ്തകങ്ങൾ കൂടി വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

Deep
Section officer